17/08/2024

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A

Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/08/2024

1. സംസ്ഥാന കൃഷി വകുപ്പ് പുതുതായി പണികഴിപ്പിക്കുന്ന KABCO എക്സ്പോ സെന്ററിന്റേയും ആന്റ് അഗ്രി പാർക്കിന്റേയും ശിലാസ്ഥാപനം ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ ഇന്ന് (2024 ഓഗസ്റ്റ് 17) രാവിലെ പതിനൊന്നര മണിക്ക് കൃഷിവകുപ്പ് മന്ത്രി നിർവഹിക്കും. സംസ്ഥാനതല കർഷക ദിന ഉദ്ഘാടനവും 2023 വർഷത്തെ കർഷക അവാർഡ് വിതരണവും കൃഷിവകുപ്പിൻ്റെ കാർഷിക സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ കതിർ ആപ്പിൻ്റെ ലോഞ്ചും ചിങ്ങം ഒന്ന് 2024 ആഗസ്റ്റ് 17 ന് ശനിയാഴ്ച് വൈകിട്ട് 3 മണിക്ക് കേരള നിയമസഭ കോപ്ലക്സിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നതാണ്. ചടങ്ങിൽ കൃഷിവകുപ്പ് മന്തി പി. പ്രസാദ് അദ്ധ്യക്ഷത വഹിക്കും. കർഷകർക്ക് എല്ലാം സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന സംയോജിത സംവിധാനമണ് കതിർ വെബ് പോർട്ടലും മൊബൈൽ ആപ്പും. കതിർ ആപ്പിന്റെ ഉദ്ഘാടനവും ഈ അവസരത്തിൽ മുഖ്യമന്ത്രി നിർവ്വഹിക്കും. സംസ്ഥാനത്തെ കൃഷിഭവനുകളുടെ സേവനം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ട് കൃഷിവകുപ്പ് തയ്യാറാക്കിയിട്ടുള്ള നൂതന സംരംഭമായ **'അനുഭവം'** ,. **'നവോത്ഥാൻ പദ്ധതി '** ഭൂമി വിട്ടു നൽകുവാൻ താല്പര്യമുള്ള വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവർക്ക് സർക്കാർ ഇടപെടലിലൂടെ ഭൂമി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന നവോത്ഥാൻ. വിവിധ കാർഷിക പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമാക്കാനും പൊതുജനങ്ങൾക്ക് ലൈവായി കാണുവാനും ലക്ഷ്യമിട്ട് നടപ്പിലക്കുന്ന **'വെളിച്ചം'** എന്നീ പദ്ധതികളുടെ പ്രഖ്യാപനവും തദവസരത്തിൽ നടത്തുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ അനിമൽ ഹസ്ബൻഡറി ഡിപ്പാർട്മെന്റിലേക്ക് 'ഫാം അസിസ്റ്റന്റ് ഗ്രേഡ് - 2 വെറ്റി തസ്തികയിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ താല്ക്കാലിക നിയമനം നടത്തുന്നതിനായി, 22-08-2024 ന് ഉച്ചയ്ക്ക 1:30 മണിക്ക് യോഗ്യതയുള്ളവരെ അഭിമുഖത്തിനായി ക്ഷണിക്കുന്നു. യോഗ്യത: വി.എച്ച്.എസ്.സി (എൽ.എസ്.എം/ഡയറി ഹസ്ബൻഡറി) സ്ഥലം: അനിമൽ ഹസ്ബൻഡറി വിഭാഗം, കാർഷിക കോളേജ്, വെള്ളായണി.

3. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധിയുടെ ഭാഗമായി കേരള മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന വ്യാപകമായി ഉരുക്കൾക്ക് 2024 ഓഗസ്റ്റ് 5 -ാം തീയതി മുതൽ ആരംഭിച്ച കുളമ്പുരോഗപ്രതിരോധം, ചർമമുഴരോഗപ്രതിരോധം എന്നീ കുത്തിവയ്പ്പുകൾക്കായി കണ്ണൂർ, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്, കോട്ടയം ജില്ലകളിൽ അടിയന്തിരമായി താല്കാലികാടിസ്ഥാനത്തിൽ വാക്സിനേറ്റർമാരെ ആവശ്യമുണ്ട്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 2024 ആഗസ്റ്റ് 19-ാം തീയതി ഉച്ചയ്ക്ക് 12 മണി. അപേക്ഷകർ വെള്ളകടലാസ്സിൽ തയ്യാറാക്കിയ ബയോഡാറ്റ സഹിതം തങ്ങൾ താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള മൃഗാശുപത്രിയിൽ മാത്രം സ്ഥാപനമേധാവി (ചീഫ് വെറ്ററിനറി ഓഫീസർ/സീനിയർ വെറ്ററിനറി സർജൻ/ വെറ്ററിനറി സർജൻ) മുൻപാകെ ആശുപത്രി പ്രവർത്തന സമയത്ത് നേരിട്ട് തന്നെ സമർപ്പിക്കേ ണ്ടതാണ്. അപേക്ഷയിൽ മേൽവിലാസവും, മൊബൈൽ നമ്പരും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആധാർ കാർഡിൻ്റെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. അപേക്ഷ പരിഗണിക്കുന്നത് ഒഴിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

**4.** റബ്ബർബോർഡിന്റെ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.ടി.) 27, 28 തീയതിക ളിൽ നൂതന കൃഷിരീതികളിൽ പരിശീലനം നൽകും. കൂടുതൽ വിവരങ്ങൾക്ക് : 9495928077, 0481- 2351313 എന്നീ ഫോൺ നമ്പരിലോ, training@ rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലൊ ബന്ധപ്പെടുക.

5. കേരള വെറ്ററിനറി ആൻ്റ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് ഡയറി സയൻസ് ആൻ്റ് ടെക്നോളജി, പൂക്കോടിൻ്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം 2024 ഓഗസ്റ്റ് 21, 22 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പനീർ, ചന്ന, ഖോവ, പേട, വേ സ്ക്വാഷ്, പനീർ അച്ചാർ, നെയ്യ്, രസഗുള, ഗീ കുക്കീസ് എന്നീ ഉത്പന്നങ്ങളുടെ നിർമ്മാണത്തിലാണ് പരിശീലനം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 8590661323, 7592904681 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. ക്ഷീരവികസനവകുപ്പ് കോട്ടയം ജില്ലാ ഗുണനിയന്ത്രണ യൂണിറ്റിൻറേയും കങ്ങഴ, മാന്തുരുത്തി ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു പാൽ ഗുണ നിലവാര ബോധവൽക്കരണ പരിപാടി 2024 ആഗസ്റ്റ് 17 ശനിയാഴ്ച രാവിലെ 10 മണി മുതൽ കങ്ങഴ ക്ഷീരസംഘം ഹാളിൽ വച്ച് നടത്തപ്പെടുകയാണ്. പരിപാടിയിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പാലിൻ്റെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട വില ഉൽപാദകർക്ക് ലഭിക്കുന്നതിനുള്ള ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നു.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ആഗസ്റ്റ് 19 മുതൽ 23 വരെ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം